**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 132** **15-03-2022 - ൽ മറുപടിയ്ക്ക്**

**സേഫ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാഹനാപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത സേഫ് കേരള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. സേഫ് കേരള പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിൽ കൺട്രോൾ റൂമുകൾ സ്ഥാപിച്ച് അതിൽ 6 എണ്ണം ഉദ്ഘാടനം ചെയ്തിട്ടുണ്ട്. പദ്ധതിക്കായി പ്രത്യേക 85 എൻഫോഴ്സ്മെന്റ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് വാഹനാപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ; ഈ പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ട്രാഫിക് നിയമലംഘനം മൂലമുള്ള അപകടങ്ങൾ 2019-ൽ മൊത്തം റോഡ് അപകടങ്ങളുടെ 75% ആയിരുന്നത് 2021 ആയപ്പോൾ അത് 65% ആയി കുറഞ്ഞിട്ടുണ്ട്. ഇതേ കാലയളവിൽ 2019-ൽ 69% ആയിരുന്ന റോഡ് അപകടമരണങ്ങൾ 59% ആയും കുറഞ്ഞിട്ടുണ്ട്. 'സേഫ് കേരള പദ്ധതി' കൂടുതൽ ഫലപ്രദമാക്കാനായി നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ എഴുന്നൂറോളം എൻഫോഴ്സ്മെന്റ് ക്യാമറകൾ കേരളത്തിലെ റോഡുകളിൽ ഉടനീളം സ്ഥാപിച്ചു വരുന്നു. ഇവയുടെ ഫലപ്രദമായ പ്രവർത്തനത്തിനായി കേരളത്തിലെ 14 ജില്ലകളിലും കൺട്രോൾ റൂമുകളും സ്ഥാപിച്ച് വരുന്നു. |
| (സി) | പ്രധാന റോഡുകളിലെ ആക്സിഡന്റ് ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുവേണ്ടി പഠനം നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | സമയാസമയങ്ങളിൽ മുൻ വർഷങ്ങളിലെ അപകടങ്ങൾ അപഗ്രഥിച്ച സംസ്ഥാനത്തെ ഏറ്റവും അപകടസാധ്യത കൂടിയ ഇടങ്ങളായ ബ്ലാക്ക്സ്പോട്ട് കണ്ടെത്തുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി, പഠനം നടത്തി വരുന്നു. റോഡ് സുരക്ഷക്കുവേണ്ടിയുള്ള സുപ്രീം കോടതി കമ്മിറ്റിയുടെയും കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങൾ ആസ്പദമാക്കി നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക്സ്പോട്ടുകളിൽ, കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും സഹായത്തോടെ പരിശോധന |

| | | | |
|---|---|---|---|
| | | | നടത്തി നാറ്റ്പാക്ക് മുഖാന്തിരം റോഡ് സുരക്ഷയ്ക്ക് അത്യാവശ്യമായ പദ്ധതികൾ തയ്യാറാക്കി കേരള റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. |
| (ഡി) | റോഡ് നിയമങ്ങളെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും അഭിലഷണീയമായ ഡ്രൈവിംഗ് സംസ്കാരം വളർത്തിയെടുക്കുന്നതിനും വേണ്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | കേരള റോഡ് സുരക്ഷാ അതോറ്റിറ്റി കാലാകാലങ്ങളിൽ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്നതിനായി പദ്ധതികൾ നടപ്പാക്കി വരുന്നു. അവയിൽ പ്രധാനപ്പെട്ടവ റോഡ് സുരക്ഷാ പാഠങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ളതാണ്. റോഡ് സുരക്ഷ അവബോധം ഉള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റി SCERTയുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് സുരക്ഷാ അവബോധം നൽകുന്നതിനായി പദ്ധതി നടപ്പിലാക്കിവരുന്നു. ആദ്യഘട്ടമായി അദ്ധ്യാപകർക്കായി 'റോഡ് സുരക്ഷിത യാത്ര' എന്ന കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾ സിലബസിൽ റോഡ് സുരക്ഷാ പാഠങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുള്ള തുടർ നടപടികൾ നടന്ന് വരികയാണ്. മോട്ടോർ വാഹന വകുപ്പ്, പോലീസ് വകുപ്പ്, നാറ്റ്പാക് തുടങ്ങിയ സ്റ്റേക്ക് ഹോൾഡിംഗ് വകുപ്പുകൾ വഴി റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ച് വരുന്നതുമാണ്. വരും കാലങ്ങളിൽ റോഡ് സുരക്ഷാ ഫണ്ടിന്റെ 10% വരെ റോഡ് സുരക്ഷാ അവബോധ പരിപാടികൾ സംഘടിപ്പിക്കാൻ വകയിരുത്താൻ തീരുമാനിച്ചിട്ടുണ്ട്. എഫ്.എം. സ്റ്റേഷനുകൾ, ഓൾ ഇന്ത്യ റേഡിയോ റെയിൽവേ, KSRTC എന്നിവയിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം വ്യാപിപ്പിക്കും. റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും, ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ ബോധവൽക്കരണ ക്ലാസുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസുകൾ, അച്ചടി - ഇലക്ട്രോണിക്ക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡു സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികളും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ